# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341

16.12.2014-ൽ മറുപടിയ്ക്ക്

## ഭക്ഷ്യസംസ്കരണ മിഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കിൻഫ്രായുടെ നേതൃത്വത്തിന് ഭക്ഷ്യസംസ്കരണ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ദേശീയ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ ഉള്ള കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധന, മികച്ച വില ലഭ്യമാക്കുക, ഉല്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക കൂടാതെ ഉപഭോക്താവിന് ഭക്ഷ്യ ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതെന്ന് വിശദമാക്കുമോ; | സി) | ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP) നായി 2012-13-ൽ 3.54 കോടിരൂപയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.12 കോടി രൂപയും അനുവദിച്ചു. 2013-14-ൽ കേന്ദ്ര വിഹിതമായി 2.22 കോടി രൂപ കേരളത്തിന് ലഭിച്ചു. 2014-15-ൽ ആദ്യ ഗഡുവായി കേന്ദ്ര വിഹിതമായി 36.14 ലക്ഷം രൂപ കേരളത്തിന് ലഭിച്ചു. |
| ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ഡി) | സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുസരിച്ച് ഗുണഭോക്താക്കളുടെ പക്കൽ നിന്നും |

| | |
|---|---|
| വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സ്വീകരിക്കുന്ന അപേക്ഷകൾ National Mission on Food Processing മാനദണ്ഡ പ്രകാരം അനുയോജ്യരായ ഗുണഭോക്താക്കൾക്ക് കിൻഫ്ര മുഖാന്തിരം നാളിതുവരെ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1 ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും / അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള 18 യൂണിറ്റുകൾക്ക് 615 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>2 മാനവവിഭവശേഷി വികസനത്തിനുള്ള പദ്ധതിയുടെ കീഴിൽ വരുന്ന വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്ന പദ്ധതി പ്രകാരം 24 പരിപാടികൾക്ക് 27 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br>3 ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതിയുടെ കീഴിൽ 65 ലക്ഷം രൂപ നൽകിയിട്ടുണ്ട്.<br><br>ഇതുകൂടാതെ സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ ഗുണഭോക്താക്കൾക്ക് നൽകാൻ 2.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**